**Week:2**

## Weekly Devotion - September 2016

## Bitter becomes sweet (കയ്പും മധുരവും)

**"GOD gave you a gift of (86,400) Seconds to day, have you used one to say "thank you"**
**William A Ward.**



മുപ്പതു വയസ്സുള്ള ഒരു യുവാവ് തന്റെ ജീവിതത്തെ മാറ്റി മറിച്ച ഒരു നിമിഷത്തെപ്പറ്റി ഓർത്ത് ദൈവത്തിന് കണ്ണുനീരോടെ നന്ദി പറഞ്ഞു. ക്രൈസ്തവ കുടുംബത്തിൽ ജനിച്ചു എങ്കിലും ക്രിസ്തുവിൽ നിന്നകന്ന് ഈ യുവാവ് ജീവിപ്പാൻ കാരണം മദ്യപാനിയായ അവന്റെ പിതാവ് തന്നെ ആയിരുന്നു. അടുത്തുള്ള സംഗീത വിദ്യാലയത്തിൽ വെറുതെ സമയം ചിലവഴിക്കാൻ ചെന്നിരുന്നവൻ ക്രമേണ അവിടെയുള്ള ഉപകരണങ്ങൾ ഉപയോഗിച്ചു തുടങ്ങി. എന്നാൽ മദ്യപാനിയായ പിതാവിന്റെ മകൻ അപ്പനേക്കാൾ ഒരുപടികൂടെ കടന്ന് കഞ്ചാവിന്റെ ലഹരിയും ആസ്വദിച്ചു തുടങ്ങി.

വിദ്യാലയത്തിൽ നിന്നും നടപടി ദൂഷ്യം മൂലം പുറത്താക്കപ്പെട്ടവൻ അതിന്റെ പടവുകളിലിരുന്ന് കഞ്ചാവ് ബീഡി വലിക്കുമ്പോൾ അകത്ത് ഒരു പാട്ടിന്റെ പരിശീലനം നടക്കുകയായിരുന്നു. "പാപകുഴിയിൽ വീണ് തകരാതെ പുതുഗാനം നാവിൽ തന്ന് ഉറപ്പുള്ള പാറയിൽ നിർത്തി എന്ന അർത്ഥമുള്ള വരികൾ, അവന്റെ ഹൃദയത്തെ ഇളക്കി. കർത്താവേ ഈ കഞ്ചാവ് എന്നെ പാപത്തിൽ താഴ്ത്തുന്നു. പാടാൻ കഴിവ് തന്നത് നശിപ്പിച്ച എന്നെ കൈവിടല്ലേ. ബീഡി വലിച്ചെറിഞ്ഞ്, തന്നെ പുറത്താക്കിയ ഗുരുവിന്റെ മുമ്പിലെത്തി കൈകൾ കൂപ്പി നിന്ന് ഏറെ നേരം കരഞ്ഞു. കുറച്ചു സമയം കഴിഞ്ഞപ്പോൾ അനുതാപകണ്ണുനീർ ഒഴുക്കിയവനെ ഗുരുതൊട്ടു. അവിടെ പാടിക്കൊണ്ടു നിന്നവർ ആ വരികൾ ( അവനിൽ മാറ്റം വരുത്തിയ പാട്ടിന്റെ വരികൾ) ഒന്നിച്ചു പാടി, ആ സന്തോഷം രേഖപ്പെടുത്തി ദൈവത്തിന് നന്ദി പറഞ്ഞു.

പുറ:(15:22-27) വരെയുള്ള ഭാഗത്ത് ശൂർ മരുഭൂമിയിലെത്തിയ യിസ്രയേൽ ജനം മാറായിലെ വെള്ളം കയ്പായതിനാൽ മോശയോട് പിറുപിറുക്കുന്നത് കാണാം. അടിമത്വത്തിൽ നിന്ന് രക്ഷിച്ച, ചെങ്കടൽ കടത്തി, ശത്രുക്കളെ ചെങ്കടലിൽ മുക്കിക്കൊന്നു. ഇതൊന്നും നന്ദിയ്ക്ക് കാരണമായി അവർ കണ്ടില്ല. പകൽ മേഘ സ്തംഭമായും രാത്രി അഗ്നി സ്തംഭമായും കരുതിയതും മറന്നു. ഒന്നിനും നന്ദിയില്ല, കൂടെയുള്ള യഹോവയെ അവർ കണ്ടില്ല. എത്ര ഭയങ്കരം നാമും ഇതുപോലെയല്ലേ? ലഭിക്കുന്നതെല്ലാം ഏതോ അവകാശപ്പെട്ടതാണെന്നാണ് ചിന്ത. അനുഗ്രഹങ്ങൾ തന്നതിന് നന്ദിയും, സ്തോത്രവുമില്ല.

യിസ്രയേൽ ജനത്തിന്റെ ആവലാതി കേട്ട ദൈവം ഒരു വൃക്ഷം കാട്ടിയിട്ട് (ദാവീദിന്റെ കുറ്റിയിൽ നിന്നുള്ള മുള) അതിന്റെ കൊമ്പ് വെള്ളത്തിലിടാൻ ആവശ്യപ്പെട്ടു. പ്രവർത്തി ചെയ്തപ്പോൾ കയ്പ് മാറി മധുരമായി. കയ്പിനെ മാറ്റുന്ന, ജീവിതത്തെ മധുരമാക്കുന്ന യേശു കൂടെയുള്ളപ്പോൾ പലരും ജീവിതത്തിന്റെ കയ്പ് അനുഭവിക്കുവരാണ്. ദൈവവചനം നമ്മുടെ ജീവിതത്തിന്റെ കയ്പ് മാറ്റുന്നതാണ്. ദൈവം തന്ന സമയം സുവിശേഷം സ്വീകരിക്കുന്നവർക്ക് നന്ദിയോടെ അത് മറ്റുള്ളവർക്ക് പങ്കുവയ്ക്കുവാനും കഴിയും.

ദൈവീക ആലോചനയാൽ മോശ ഈ വൃക്ഷക്കൊമ്പ് കണ്ടെത്തി ഉപയോഗിച്ചില്ലായിരുന്നുവെങ്കിൽ തന്റെ ആയുസ്സു തീരുമ്പോഴും പ്രയോജനമില്ലാതെ കടപുഴകി വീഴുന്ന വൃക്ഷമായി അത് തീരുമായിരുന്നു. അതു പോലെ യഹോവ നമ്മോടു കൂടെയുണ്ട്, സുവാർത്തയും നമുക്ക് തന്നിട്ടുണ്ട്. ദൈവവചനം ഇന്ന് എല്ലാവർക്കും ലഭ്യമാണ്. എന്നിട്ടും ചിലർ എന്നും അതിന്റെ പുറത്തു തൊട്ട് ദിവസം ആരംഭിക്കുന്നു. ചിലർ എവിടെ നിന്നോ ഒരു വാക്യം വായിക്കുന്നു. ഇവർ ആർക്കും പ്രയോജനമില്ലാത്തവരായി നശിക്കുന്നു. എന്നാൽ ഈ വൃക്ഷക്കൊമ്പ് ഉപയോഗിച്ചവൻ ജീവിതവിജയം പ്രാപിക്കുന്നു. അതേ യഹോവയെ അന്വേഷിക്കുവാൻ കഴിയുന്ന സമയത്ത് കണ്ടെത്തി ആ സന്തോഷം അനുഭവിക്കുക.

സ്വർണ്ണനാണയം ശേഖരിച്ച് സന്തോഷിക്കുന്ന ഒരു ധനികൻ, എന്നും രാവിലെ അത് കണ്ട് സന്തോഷിച്ചിരുന്നു. കള്ളന്മാർ ഭവനത്തിൽ കയറുമെന്ന് പേടിച്ച് പുറത്ത് മണ്ണിൽ കുഴിച്ചിട്ടു. സ്വർണ്ണ നാണയം കാണുവാൻ കഴിയാത്തതിനാൽ അയാളുടെ ഉറക്കം നഷ്ടമായി. അതിനാൽ അതിരാവിലെ ഇരുട്ടുള്ളപ്പോൾ തന്നെ സ്വർണ്ണ നാണയം കുഴിയിൽ നിന്നെടുത്ത് കാണും, തിരികെ കുഴിയിൽ വയ്ക്കും മണ്ണിട്ട് മൂടും. ഒരു ദിവസം ഈ പ്രവർത്തി കണ്ട ഒരുവൻ അത് എടുത്തു മാറ്റി. അടുത്ത പ്രഭാതം അയൽപക്കക്കാർ ഒരു നിലവിളികേട്ട് വന്നപ്പോഴാണ് മോഷണ വിവരം അറിയുന്നത്. വിവരമറിഞ്ഞ ഒരു വയോധിക്കൻ പറഞ്ഞത് " നീ കണ്ടു, ഉപയോഗിച്ചില്ല: ഉപയോഗിക്കുവാൻ അറിയാവുന്നവൻ അത് എടുത്തു".

ഇന്ന് ക്രിസ്തീയ രംഗത്തും യേശുവിനെയും വചനത്തെയും കാണുന്നവരാണ് അധികവും. ആലയത്തിൽ കാഴ്ച്ചക്കാരും കാഴ്ച വസ്തുകളും അധികമാകുമ്പോൾ ക്രിസ്തു പുറത്താകുന്നു. യെറുശലേം ദേവാലയത്തെ നോക്കി നിങ്ങൾ ഇതിനെ കള്ളന്മാരുടെ ഗുഹയാക്കി എന്ന് പറയുന്നത് ഇന്നും സത്യം തന്നെയാണ്. വചനം പറയുന്നതിനു പോലും വിലപേശുന്ന, സ്ഥാനമാനങ്ങൾക്ക് മോഹം, അതുമൂലം ചതിവും വഞ്ചനയും വന്നും ചേരുന്നു. മനുഷ്യർ തന്നെ ജീവിതം കയ്പാക്കുന്നു. തെറ്റു തീരുത്താൻ ആരും വചനത്തെ സ്വീകരിക്കുന്നില്ല. ദൈവത്തെ മറന്നാൽ നിന്നെ മാത്രമല്ല, ഗേഹസിയുടെയും, നയമാന്റെയും കുടുംബാംഗങ്ങൾക്കുണ്ടായ കയ്പ് നിന്റെ കുടുംബത്തെയും ബാധിക്കും ക്രിസ്തുവിനെ കണ്ടെത്തി ജീവിതം മധുരമാക്കുക ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

പ്രാർത്ഥന

പ്രീയ യേശുവേ, അങ്ങ് തന്ന സമയത്ത് വചനം ഉള്ളിൽ ശേഖരിച്ച് ജീവിതത്തിലെ കയ്പ് മാറ്റി, മധുരമാക്കി, അത് മറ്റുള്ള വർക്ക് നൽക്കുവാനും കൃപചെയ്യേണമേ.

ആമേൻ.

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind